**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4615** **02-07-2024 - ൽ മറുപടിയ്ക്ക്**

**കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ മൂന്നാർ ഡിവിഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മൂന്നാർ ഡിവിഷന് കീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ; | (എ) | കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മൂന്നാർ ഡിവിഷന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ ചുവടെ വിശദമാക്കുന്നു.<br><br>സൈലന്റ്വാലി, കടലാർ, മാങ്കുളം, കുട്ടക്കുഴി എന്നിവിടങ്ങളിലായി ഏലവും കാപ്പിയും യൂക്കാലിപ്റ്റസും കൃഷി ചെയ്തു വരുന്നു. മൂന്നാറിൽ വിവിധയിനം ഓർക്കിഡുകൾ ഉൾപ്പെടുന്ന ഒരു ഫ്ലോറികൾച്ചർ സെന്ററും, മറയൂരിൽ ചന്ദന ഫാക്ടറിയും ഡിവിഷനു കീഴിൽ പ്രവർത്തിച്ചു വരുന്നു. കാപ്പി, ഏലം തോട്ടങ്ങളുടെ പരിപാലനം, ചന്ദന തൈലത്തിന്റെ ഉൽപാദനവും വിതരണവും, യൂക്കാലിപ്റ്റ്സ് തോട്ടങ്ങളുടെ പരിപാലനം, ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ എന്നിവ കൂടാതെ ഉദ്യാന പരിപാലനവും പുഷ്പ സസ്യങ്ങളുടെ സംഗ്രഹാലയവും, പുഷ്പ സസ്യങ്ങളുടെ വിപണനവും നടത്തി വരുന്നു. ഇതോടൊപ്പം അമിനിറ്റി സെന്ററും, ഇക്കോ ഷോപ്പ് വഴി തനതായ വനവിഭവങ്ങളും, അവയുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനവും നടത്തി വരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ എത്ര സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരുമാണ് ഉള്ളതെന്ന് തസ്തിക തിരിച്ച് അറിയിക്കാമോ? | (ബി) | പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br><br>1. ഡിവിഷണൽ മാനേജർ -1<br><br>2. മാനേജർ -2<br><br>3. അസിസ്റ്റന്റ് മാനേജർ-2<br><br>4. ഫീൽഡ് ഓഫീസർ -2<br><br>5. ഡ്രൈവർ -1<br><br>6. അസിസ്റ്റന്റ് ഗ്രേഡ് I - 1<br><br>7. സ്റ്റെനോ ടൈപ്പിസ്റ്റ് - 1 |

| | | | |
|---|---|---|---|
| | | | 8. ഓഫീസ് അറ്റൻഡന്റ്-1<br><br>9. സ്ഥിരം തോട്ടം തൊഴിലാളികൾ - 32<br><br>10. താൽക്കാലിക തോട്ടം തൊഴിലാളികൾ - 40<br><br>11. താൽക്കാലിക വാച്ചർ - 13 |

സെക്ഷൻ ഓഫീസർ